1. ഏറ്റവും അധികം അപകടങ്ങൾ സംഭവിച്ചിട്ടുള്ളത് കാൽനടക്കാർക്കായതിനാൽ വൈപ്പിൻമുതൽ മുനമ്പംവരെയും ഫുട്ട്പാത്ത് നിർമ്മിക്കുകയുംഅത് കാൽ നടക്കാർക്ക് മുറിച്ചുകടക്കാൻ പ്രത്യേകം അടയാളപ്പെടുത്തുന്ന സ്ഥലങ്ങൾ ഒഴികെ മറ്റെല്ലാ സ്ഥലത്തും വേലികെട്ടി തിരിയ്ക്കുകയും ചെയ്യുക.
2. എല്ലാ ജംഗ്ഷനുകളും ശാസ്ത്രീയമായി പുനഃക്രമീകരിക്കുക.
3. ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സംവിധാനമൊരുക്കുക.
4. സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ച് ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ നിയന്ത്രണ സംവിധാനമേർപ്പെടുത്തുക.
5. സിഗ്നൽ സംവിധാനങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുക.
6. റോഡിൽ ആവശ്യമായ നിയന്ത്രണരേഖകൾ അടയാളപ്പെടുത്തുക.
7. ട്രാഫിക്ക് സൈൻ ബോർഡുകൾ സ്ഥാപിക്കുക.
8. പ്രധാനനിരത്തിലേക്ക് പ്രവേശിക്കുന്ന ചെറിയ റോഡുകളിലെ വേഗത നിയന്ത്രിയ്ക്കുന്നതിന് റമ്പിൾ സ്ട്രിപ്പുകൾ നിർമ്മിക്കുക.
9. ബസ് ബേകൾ നിർമ്മിക്കുക.
10. ബസ് ഷെൽട്ടറുകൾ ആധുനികരീതിയിൽ നിർമ്മിക്കുക.

ഈ പൊതുവായ നിർദ്ദേശങ്ങൾ - റോഡ് ഓഡിറ്റ് റിപ്പോർട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റേയും പരിഗണനയ്ക്കും തുടർ നടപടികൾക്കുമായി സമർപ്പിച്ചിരിക്കുകയാണ്.

## ബഡ്ജറ്റിൽ ഗതാഗത വകുപ്പിന് കീഴിലുള്ള പദ്ധതികൾ

356 (2186) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ ഗതാഗതവകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ ഉണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബഡ്ജറ്റിൽ വകുപ്പിന് കീഴിലുള്ള പദ്ധതികൾക്ക് ഓരോന്നിനുമായി വകയിരുത്തപ്പെട്ടതും അനുവദിക്കപ്പെട്ടതും ട്രഷറിയിൽനിന്നും പിൻവലിക്കാതെ അവശേഷിച്ചതുമായ തുകകൾ എത്ര ;

(സി) തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തപ്പെട്ട പദ്ധതികളുണ്ടോ ; എങ്കിൽ ഓരോന്നിനും വകയിരുത്തിയിരുന്നതുക, അനുവദിച്ച തുക,പിൻവലിക്കാതെ അവശേഷിച്ച തുക എന്നിവ തരം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവിരം ശേഖരിച്ചുവരുന്നു.

GPM. 2/240/2020-54

LIBRARY ARCHIVES Kerala Legislative Assembly